(സി) എൽ. ഡി. ക്ലാർക്ക്/അദ്ധ്യാപക തസ്തികകളിലേക്ക് ഇവരെ പ്രൊമോട്ട് ചെയ്ത് നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള നിയമ പ്രകാരം ക്ലാസ് 4 - ജീവനക്കാരെ എൽ. ഡി. ക്ലാർക്ക്/അദ്ധ്യാപകരായി പ്രൊമോട്ടു ചെയ്ത് നിയമിക്കാൻ വ്യവസ്ഥയില്ല.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വേതനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

69 (3710) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ വേതനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പുറപ്പെടുവിക്കാമെന്ന് വ്യക്തമാക്കുമോ ;

(ബി) വി. എച്ച്. എസ്. ഇ. യിലെ ക്വാളിഫൈഡായ മിനിസ്റ്റീരിയൽ സ്റ്റാഫിന് ഉയർന്ന തസ്തികയിൽ പ്രൊവിഷണലായി നിയമിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ;

(സി) വി. എച്ച്. എസ്. ഇ. യിലെ തന്നെ ക്വാളിഫൈഡായ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് ഉയർന്ന തസ്തികയിൽ പ്രൊവിഷണലായി നിയമിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) ഉയർന്ന തസ്തികയിൽ നിയമിക്കുന്നതിന് മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവാദം നൽകുകയും ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് നൽകാതിരിക്കുകയും ചെയ്യുന്ന വിവേചനം ഒഴിവാക്കുന്നതിനായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുകൂടി ഉയർന്ന തസ്തികകളിൽ നിയമനം നൽകുന്നതിനായി അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടില്ല. സ്പെഷ്യൽ റൂൾസ് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) സ്പെഷ്യൽ റൂൾസ് അംഗീകരിക്കുമ്പോൾ ഇതു പരിശോധിക്കപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly